**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ എൻ.ആർ.ഇ.ജി.പി. പദ്ധതി നടത്തിപ്പിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.588/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 02.03.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.02.2012-ലെ ഇ 8 (എസ് സി 25/11/റ്റിഎസ് ആർ) 22659/11 നമ്പർ കത്ത്

2. സർക്കാരിന്റെ 30.12.2014-ലെ 24249/ഇപിബി3/2012/തസ്വഭവ നമ്പർ കുറ്റപത്രം
3. കുറ്റപത്രത്തിന് അരിമ്പൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. മറീന പിന്റോ 10.04.2015-ലും, മുൻ സെക്രട്ടറി ശ്രീ. പി.കെ. വത്സലൻ 17.03.2014-ലും, മുൻ അക്കൗണ്ടന്റ് ശ്രീ. സത്യൻ 12.03.2015-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ
4. പഞ്ചായത്ത് ഡയറക്ടറുടെ 29.04.2016-ലെ ഡി7-14388/12 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ എൻ.ആർ.ഇ.ജി.പി. പദ്ധതി പ്രകാരം തച്ചംപിള്ളി പത്താം വാർഡിൽ പച്ചക്കറി കൃഷി നടത്തി എൻആർ.ഇ.ജി.പി. ഫണ്ടിൽ ക്രമക്കേട് നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ഒരു മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു റിപ്പോർട്ടിലെ ക്രമക്കേടുകളെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്യുതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ പി.കെ. വൽസലൻ, മുൻ സെക്രട്ടറി ശ്രീമതി. മറീന പിന്റോ, അക്കൗണ്ടന്റ് ശ്രീ. സത്യൻ എന്നിവർക്ക് പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**ശ്രീ. പി.കെ. വൽസലൻ, സെക്രട്ടറി**

അരിമ്പൂർ ഗ്രാമപഞ്ചായത്ത് പത്താം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൊലികൂട്ടലും പച്ചക്കറി കൃഷിയും എന്ന പ്രവൃത്തി ഉൾപ്പെട്ട 2010-11-ലെ വാർഷിക കർമ്മ പദ്ധതി പഞ്ചായത്തിന്റെ 02.12.2010-ലെ 32/10-11 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും പ്രസ്തുത കർമ്മ പദ്ധതിയ്ക്ക് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 31.12.2010-ലെ 131/2010-ാം നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെന്നും, ടി പ്രവൃത്തിക്ക് ARM/NRG/GM-208/10-11 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റ് തുക 1,50,000/- രൂപയായ ഈ പ്രവൃത്തിയുടെ പ്രോജക്ട് മീറ്റിംഗ് 19.01.2011-ന് രാവിലെ 8 മണിയ്ക്ക് പ്രവൃത്തി സ്ഥലത്ത് മെമ്പറുടെ അദ്ധ്യക്ഷതയിൽ ചേർന്നതിൽ 30 അംഗങ്ങൾ പങ്കെടുക്കുകയും പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് വിശദമായി ചർച്ച ചെയ്യുകയും , ഓരോ തൊഴിലാളികളും ചെയ്യേണ്ട പ്രവൃത്തി

സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്തിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. പ്രവൃത്തിയുടെ പ്രിമെഷർമെന്റ് 17.01.2011-ന് 13/10-11 മെഷർമെന്റ് ബുക്ക് പേജ് നം. രേഖപ്പെടുത്തിയിട്ടുള്ളതായും, ഈ പ്രവൃത്തിക്ക് ആവശ്യമായ മസ്റ്റർറോൾ 20.01.2011-ന് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളതായും, പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്രവൃത്തിക്ക് 1,20,166/- രൂപ നിയമാനുസൃത രേഖകൾക്കനുസൃതമായി ചെലവഴിച്ചതായി കണ്ടെന്നും തൊഴിലാളികൾക്കുള്ള കൂലി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നൽകിയിട്ടുള്ളതെന്നും തുക ചെലവഴിച്ചതിന് തത്തുല്യമായ പ്രവൃത്തി ചെയ്തതായി 27/10-11 നമ്പർ മെഷർമെന്റ് ബുക്ക് പേജ് 3-ൽ ഫൈനൽ ബില്ലായി റെക്കോർഡ് ചെയ്തിട്ടുണ്ടെന്നും. മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം അനുവദിക്കാവുന്ന തുക മാത്രമേ കൂലിയായി അനുവദിച്ചിട്ടുള്ളുവെന്നും, ഈ പ്രവൃത്തി മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചതായി കാണാൻ കഴിഞ്ഞില്ലെന്നും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് ഈ പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും വിശദമായ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയ സമയത്ത് പ്രോജക്ടിന്റെ ആക്ഷൻ പ്ലാൻ ബ്ലോക്ക് പഞ്ചായത്തിലേക്ക് പരിശോധനയ്ക്ക് കൊണ്ടുപോയിരുന്നതിനാലാണ് പരിശോധനാ ഉദ്യോഗസ്ഥർ മുമ്പാകെ തൽസമയം ഹാജരാക്കാൻ സാധിക്കാതിരുന്നതെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിയമിച്ചിരുന്ന ഓവർസീയർ അവധിയിൽ ആയിരുന്നതിനാൽ തൽക്കാലത്തേക്ക് നിയമിച്ചിരുന്ന ഓവർസീയർക്ക് പ്രവൃത്തി നടത്തിയ സ്ഥലങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ ഓഫീസ് ഫയലുകളിൽ നിന്നും കണ്ടെത്തി പരിശോധനയ്ക്കായി വിജിലൻസ് ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കാൻ സാധിക്കാതിരുന്നതെന്നും, പ്രവൃത്തി നടത്തിയ 6 സ്വകാര്യ സ്ഥലങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്ന നികുതി രശീതിയടക്കമുള്ള ബന്ധപ്പെട്ട നിയമാനുസൃത രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായും വിജിലൻസ് പരിശോധനാ സമയത്ത് എഴുതി സൂക്ഷിക്കാതിരുന്ന പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ അടുത്ത ദിവസം മുതൽ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കുമ്പോൾ അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ആയിരുന്ന ശ്രീ. പി.കെ. വൽസലൻ പിന്നീട് ജൂനിയർ സൂപ്രണ്ടാകുകയും അതേ തസ്തികയിലിരുന്ന് ടിയാൻ 30.04.2015-ന് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിട്ടുള്ളതുമാണ്. ശ്രീ. വൽസലന്റെ സർവ്വീസ് കാലം പരിശോധിയ്ക്കുമ്പോൾ ടിയാൻ വകുപ്പ് നിർദ്ദേശിക്കുന്ന നിയമാനുസൃത പ്രവർത്തനങ്ങൾ വളരെ സത്യസന്ധമായി ചെയ്തിരുന്നതാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ വസ്തുതകൾ പരിഗണിച്ച് ശ്രീ. പി.കെ. വൽസലന് എതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

**ശ്രീമതി. മറീന പിന്റോ, മുൻ സെക്രട്ടറി**

തൊഴിൽ കാർഡിൽ സെക്രട്ടറിയുടെ ഒപ്പിനു പകരം ഒപ്പ് മുദ്രയാണ് പതിച്ചിട്ടുള്ളതെന്നും, 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ ഫണ്ട് പിൻവലിക്കുന്നതിനും ചെക്കുകൾക്കോ കരാർ ഉടമ്പടികൾക്കോ ഒഴികെ മറ്റ് രേഖകളിൽ സെക്രട്ടറിയുടെ ഒപ്പിനുപകരം ഒപ്പ് മുദ്ര പതിച്ചാലും സെക്രട്ടറിയുടെ ഒപ്പ് വച്ചതായി കരുതേണ്ടതാണെന്ന് പറഞ്ഞിട്ടുള്ളതായും, ടി ഒപ്പ് മുദ്ര സെക്രട്ടറിയുടെ കൈവശം തന്നെയാണ് സൂക്ഷിച്ചുവരുന്നതെന്നും, മറ്റ് അപാകതകൾ ഒന്നും തന്നെ ഇക്കാര്യത്തിൽ സംഭവിച്ചതായി കാണുന്നില്ലെന്നും പരിഗണിച്ച് 31.05.2014-ന് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിട്ടുള്ള ശ്രീമതി. മറീന പിന്റോയ്ക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട വിഷയത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല

**ശ്രീ. സത്യൻ, മുൻ അക്കൗണ്ടന്റ്**

വിജിലൻസ് ഉദ്യോഗസ്ഥരുടെ 17.11.2011-ലെ പരിശോധനവേളയിൽ 14.11.11 വരെയുള്ള ക്യാഷ് ബുക്ക് മാത്രമാണ് എഴുതിയിരുന്നതെന്നും, ഇക്കാലയളവിൽ അക്കൗണ്ടന്റ് ആയിരുന്ന ശ്രീ. സത്യൻ 15.11.11, 16.11.11 എന്നീ ദിവസങ്ങളിൽ ആകസ്മിക അവധിയിൽ ആയിരുന്നതുകൊണ്ടാണ് ഈ രണ്ട് ദിവസങ്ങളിലെ ക്യാഷ് ബുക്ക് എഴുതാൻ സാധിക്കാതിരുന്നതെന്നും, ഇക്കാര്യം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ മേൽ കാലയളവിലെ ഹാജർ രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ട സാഹചര്യത്തിൽ ടിയാന് എതിരായ ആരോപണങ്ങൾ നിലനിൽനിൽക്കുന്നതല്ല

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനും, അഡീഷണൽ പ്ലാനും പഞ്ചായത്ത് ഭരണസമിതി 11.11.2009-ന് 86(17) നമ്പർ തീരുമാനപ്രകാരവും 02.12.2010-ൽ 32/10-11 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചതായി കാണുന്നു. വിജിലൻസ് വിഭാഗം പഞ്ചായത്ത് ഓഫീസിൽ നടത്തിയ പരിശോധനാ സമയം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് നൽകാൻ കഴിയാത്തതാണ് ഈ ആരോപണങ്ങൾക്ക് കാരണമെന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വാദങ്ങൾ പരിഗണിക്കുന്നു. പ്രസ്തുത പ്രവൃത്തി മൂലം പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ ഫണ്ട് പിൻവലിക്കുന്നതിനും ചെക്കുകൾക്കോ കരാർ ഉടമ്പടികൾക്കോ ഒഴികെ മറ്റ് രേഖകളിൽ സെക്രട്ടറിയുടെ ഒപ്പിനുപകരം ഒപ്പ് മുദ്ര പതിച്ചാലും സെക്രട്ടറിയുടെ ഒപ്പ് വച്ചതായി കരുതേണ്ടതാണെന്ന് പറഞ്ഞിട്ടുള്ളതായും, ടി ഒപ്പ് മുദ്ര സെക്രട്ടറിയുടെ കൈവശം തന്നെയാണ് സൂക്ഷിച്ചുവരുന്നതെന്നുള്ള ശ്രീമതി. മറീന പിന്റോയുടെ വാദഗതികളും പരിഗണിക്കുന്നു. മുൻ അക്കൗണ്ടന്റ് ശ്രീ. സത്യൻ 25.11.2011, 16.11.2011 എന്നീ ദിനങ്ങളിൽ ആകസ്മികാവധിയിലായിരുന്നതിനാലാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താനാകാത്തത് എന്ന പ്രതിവാദ പത്രികയിലെ വാദം അംഗീകരിക്കാവുന്നതാണ് എന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ എൻ.ആർ.ഇ.ജി.പി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. പി.കെ. വത്സലൻ, ശ്രീമതി. മറീന പിന്റോ, അക്കൗണ്ടന്റ് ശ്രീ. സത്യൻ എന്നിവരുടെ ഭാഗത്തു നിന്നും സാമ്പത്തിക ക്രമക്കേടുകളോ മറ്റ് കൃത്യവിലോപങ്ങളോ ഉണ്ടായതായി കാണാത്ത സാഹചര്യത്തിൽ ടിയാളുകൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. പി.കെ. വത്സലൻ, മുൻ സെക്രട്ടറി, അരിമ്പൂർ ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. മറീന പിന്റോ, മുൻ സെക്രട്ടറി, അരിമ്പൂർ ഗ്രാമപഞ്ചായത്ത്
3. ശ്രീ. സത്യൻ, അക്കൗണ്ടന്റ്, അരിമ്പൂർ ഗ്രാമപഞ്ചായത്ത്

} (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
8. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
9. വിജിലൻസ് വകുപ്പ് (27.12.2016-ലെ 11618/ഡി3/2016/വിജി. നമ്പർ യു.ഒ. റിമാർക്ക്സ് പ്രകാരം)
10. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.24249/ഇപിബി3/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ